കേരള സർക്കാർ

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മേലാർകോട് ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്


കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

നം.കെ.എസ്.എ–പികെഡി18/382/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 19.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേലാർകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- മേലാർകോട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി18-382/2020 തിയ്യതി: 19.05.2020

## പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മേലാർക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26 -1-2019 മുതൽ 27.11.19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ.എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-11-2019 മുതൽ 07-12-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി.ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പി.രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് |

| | |
|---|---|
| | ഓഫീസർ |
| ശ്രീ.രഞ്ജിത്ത് .ആർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മായൻ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | വി.ജയപ്രകാശൻ | 1-4-2018 മുതൽ 31-5-2018 വരെ |
| | നാൻസി.സി.റ്റി,അസി.സെക്രട്ടറി ( അഡീഷണൽ ചാർജ്ജ് ) | 1.6.18 മുതൽ 20.6.18 വരെ |
| | ജോയ്സി വർഗ്ഗീസ്.പി | 21.6.18 മുതൽ 31.3.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.മോഹനരാജൻ.ആർ | 1-4-2018 മുതൽ 31-3-2019വരെ |
| വി.ഇ.ഒ (സർക്കിൾ I) | ശ്രീമതി. അഷിതമോൾ.സി | 01.04.2018 മുതൽ 31.03.19വരെ |
| വി.ഇ.ഒ (സർക്കിൾ II) | ശ്രീമതി. കവിത.കെ | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. താജുമ്മ | 1-4-2018 മുതൽ 31-3-2019വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി. ഉമ.ടി.എൻ | 01.04-2018 മുതൽ 3-01-2019വരെ |
| " " | ശ്രീ.അനൂപ്.കെ.എൻ | 04.01.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | വിജില.കെ | 1.4.18 മുതൽ 8.102018 |
| " " | കെ.മനോജ്കുമാർ | 09.10.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ശ്രീമതി.അരുണ.എൻ | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | രാജി.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീ.രമേഷ് കുമാർ.കെ.ജെ | 1-4-2018 മുതൽ 23.06.2018വരെ |
| " " | നീത.കെ.നായർ | 24.06.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുരേഷ് കുമാർ .എ | 1-4-2018 മുതൽ 09.11.2018 വരെ |

| | | |
|---|---|---|
| " " | ജയപ്രകാശ് | 10.11.2018 മുതൽ 21.01.2019 വരെ |
| " " | രശ്മി.ജെ | 22.01.2019 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.നാൻസി.സി.റ്റി | 1-4-2018 മുതൽ 31-3-2019 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വസ്തുനികുതി നിർണ്ണയം- തെറ്റായ ഉപയോഗക്രമം നിശ്ചയിച്ചതിനാൽ നികുതി നഷ്ടം | 1-12 |
| 13 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-13 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക | 1-14 |

| | | |
|---|---|---|
| | പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ- അപാകതകൾ പരിഹരിക്കേണ്ടതാണ് | |
| 15 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-15 |
| 16 | ബജറ്റ് തയ്യാറാക്കൽ- അവലോകനം | 1-16 |
| 17 | കുടിവെള്ള പദ്ധതികളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം എന്നിവ പഞ്ചായത്തിന് ബാധ്യത സൃഷ്ടിക്കുന്നു | 1-17 |
| 18 | നെൽകൃഷിക്ക് കൂലി ചെലവ്-പരമാവധി സബ്സിഡി വകയിരുത്തേണ്ടതാണ് | 1-18 |
| 19 | ഗുണഭോക്തൃ വിഹിതം- ഗ്രാമപഞ്ചായത്തിന്റെ രസീതി ഉപയോഗിച്ചില്ല. | 1-19 |
| 20 | പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 21 | എം.എൻ ലക്ഷം വീട് -അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്. | 1-21 |
| 22 | പി.എം.എ.വൈ.വിഹിതം -തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 23 | സാക്ഷരതാ പ്രേരക്മാർക്ക് പ്രോജക്ടിൽ തുക വകയിരുത്തി ഹോണറേറിയം നല്കിയതിന് വിശദീകരണം ആവശ്യപ്പെടുന്നു. | 1-23 |
| 24 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ആവശ്യമായ തുക വകയിരുത്തേണ്ടതാണ് | 1-24 |
| 25 | ലൈഫ് ഭവനപദ്ധതി - പൊതു അവലോകനം | 1-25 |
| 26 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-26 |
| 27 | ബാലസഭ- പഠന യാത്രക്കായി തുക ചെലവഴിച്ചത് സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധം | 1-27 |
| 28 | പൊതു മരാമത്തു പ്രവൃത്തികൾ അവലോകനം | 1-28 |
| 29 | യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. | 1-29 |
| 30 | ഇ-ടെണ്ടർ ഫോം തുക പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ് | 1-30 |

| | | |
|---|---|---|
| 31 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല | 1-31 |
| 32 | പൊളിച്ച മാറ്റിയ സാധനസാമഗ്രികളുടെ വിനിയോഗ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-32 |
| 33 | വകയിരുത്തിയ തുകയിൽ നിന്നും വ്യതിചലിച്ച് എസ്റ്റിമേറ്റ്- പദ്ധതിപ്പണം വിനിയോഗിക്കാതെ കാലഹരണപ്പെട്ടു | 1-33 |
| 34 | പ്ലാസ്റ്റിക്ക് മാലിന്യ സംഭരണകേന്ദ്ര നിർമ്മാണം പ്രവൃത്തി – ലക്ഷ്യം കൈവരിച്ചില്ല | 1-34 |
| 35 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുകയിൽ ബാക്കി തിരികെ അടവാക്കണം | 1-35 |
| 36 | പഞ്ചായത്തിന്റെ ആസ്തിയായ കെട്ടിടങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല | 1-36 |
| 37 | മല്ലംകുണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അനുവാദം പുതുക്കി വാങ്ങേണ്ടതാണ് | 1-37 |

<u>ഭാഗം-II</u>

ഒന്നുമില്ല

<u>ഭാഗം-III</u>

ഒന്നുമില്ല

<u>ഭാഗം-IV</u>

<u>ഓഡിറ്റ് പ്രത്യവലോകനം</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| | | |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

16.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 16.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2341757 |
| വരവ് | 104080767 |
| | |

| | |
|---|---|
| ആകെ | 106422524 |
| ചെലവ് | 92369957 |
| നീക്കിയിരിപ്പ് | 14052567 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17843000 | 17843000 | 17774219 | 68781 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9834000 | 9834000 | 7062226 | 2771774 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12298000 | 12298000 | 12293372 | 4628 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3625000 | 3625000 | 3623858 | 1142 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8281000 | 8281000 | 8280941 | 59 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് - തൊഴിലാളികളുടെ കൂലി | 0 | 27389117 | 27389117 | 27389117 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 68776 | 489944 | 558720 | 483199 | 75521 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) സംയോജിത ശിശു വികസന പദ്ധതി | 1838717 | 949431 | 2788148 | 364396 | 2423752 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ബി.ആർ.ജി.എഫ് | 2102 | 75 | 2177 | 0 | 2177 |
| ശുചിത്വ മിഷൻ | 513000 | 2086551 | 2599551 | 595000 | 2004551 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് | | | | | | |
| എം.എൻ. ലക്ഷംവീട് | | 975558 | 36917 | 1012475 | 0 | 1012475 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3701798 | 3701798 | 2897834 | 803964 |
| | ജില്ലാ പഞ്ചായത്ത് | 0 | 2295557 | 2295557 | 2206620 | 88937 |
| | ലൈഫ് -നെല്ലായാമ്പതി | 0 | 1200000 | 1200000 | 440000 | 760000 |
| | വിമുക്തി | 12500 | 0 | 12500 | 0 | 12500 |
| ബി ഫണ്ട് | | 0 | 2332230 | 2332230 | 2332230 | 0 |
| സോമകുമാർ എൻഡോവ്മെന്റ് | | 6137 | 222 | 6359 | 0 | 6359 |
| പെൻഷൻ-കാനറ ബാങ്ക് | | 41375 | 1455 | 42830 | 0 | 42830 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 10034880 | 10034880 | 10034880 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്-കാനറ ബാങ്ക് | 1761354 | 8271884 | 10033238 | 5679754 | 4353484 |
| | ASCB | 197379 | 306586 | 503965 | 215921 | 288044 |
| | ട്രഷറി അക്കൗണ്ട് | -768349 | 19506125 | 18737776 | 12220858 | 6516918 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 129442473 | 168 | 73508210 | - | 66 | 72 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഒന്നുമില്ല

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 7719500 | 6458670 | 84 |
| വി.ഇ.ഒ 1 | 2 | 2 | 27240000 | 767500 | 28 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 5037500 | 4210982 | 83 |
| സെക്രട്ടറി | 24 | 18 | 4242538 | 2967130 | 70 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 3899000 | 3112295 | 80 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 173 | 117 | 44318148 | 27989128 | 63 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 3 | 838219 | 578305 | 70 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 2450000 | 767500 | 31 |
| വിഇ.ഒ.2 | 5 | 3 | 32467578 | 14154200 | 44 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 500000 | 100 |
| ആകെ | 234 | 168 | 129442473 | 73508210 | 56.78 |

ആകെ വകയിരുത്തിയ പ്രൊജക്റ്റുകളിൽ 72% പൂർത്തീകരിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയിൽ 56.78% ചെലവഴിച്ചിട്ടുണ്ട്. യഥാസമയം ടെണ്ടറുകൾ അംഗീകരിക്കാതിരിക്കൽ, സ്ഥല ലഭ്യത ഉറപ്പാക്കാതിരിക്കൽ, പദ്ധതി പ്രദേശത്തെ തടസ്സങ്ങൾ, ഗുണഭോക്താക്കളെ

യഥാസമയം കണ്ടെത്താതിരിക്കൽ എന്നിവ മൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വന്നിട്ടുണ്ട്. ആവശ്യകത മുൻനിറുത്തി പദ്ധതി ആവിഷ്കരിക്കാത്തത് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റികൾ എന്നിവരുടെ വീഴ്ചയാണ്. ആസൂത്രണസമിതിയും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.(ആസൂത്രണ സമിതി മിനിറ്റ്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.)വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുന്നതായി മിനിറ്റ്സ് പ്രകാരവും പ്രൊജക്റ്റ് ഫയലുകൾ പ്രകാരവും ഇല്ല.

ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവർ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതും നിർവ്വഹണവേളയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നടപടിക്രമങ്ങൾ സ്വീകരിച്ച് യഥാസമയം പദ്ധതി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നിർവ്വഹണാധികാരികളുടെ കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 68776 | 489944 | 558720 | 483199 | 75521 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27389117 | 27389117 | 27389117 | 0 |
| ആകെ | 0 | 27879061 | 27947837 | 27872316 | 75521 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 151560 | 93 |
| കർഷകതൊഴിലാളി പെൻഷൻ | 11070000 | 2779 |
| വിധവാപെൻഷൻ | 14159200 | 3333 |
| വാർദ്ധക്യകാലപെൻഷൻ | 19756600 | 4811 |
| വികലാംഗപെൻഷൻ | 3819000 | 913 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 954200 | 231 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23721/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അവ പരിഹരിക്കേണ്ടതാണ്.

- പഞ്ചായത്തിലെ തൻവർഷത്തെ ബജറ്റ് രൂപീകരണത്തിൽ സ.ഉ.(സാധാ)നം.3291/2016തസ്വഭവ തീയതി-2.12.16 ലെ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.
- ഭരണസമിതി ഫ്രണ്ട് ഓഫീസ് പ്രവർത്തനം, നികുതി പിരിവ്, പദ്ധതി നിർവ്വഹണം എന്നിവ അവലോകനം നടത്തുന്നതായോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതായോ മിനിറ്റ്സിൽ രേഖപ്പെടുത്തലുകളില്ല. അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികളും മേൽ അവലോകനങ്ങൾ നടത്തി വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകികാണുന്നില്ല.
- വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുന്നതായി മിനിറ്റ്സ് പ്രകാരം രേഖപ്പെടുത്തലില്ല.

- 28.11.19 ലെ ഓഡിറ്റ് എൻക്വയറി നം.1 മുഖേനയും നേരിലും ആവശ്യപ്പെട്ടിട്ടും ആസൂത്രണസമിതി മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.

- പ്രൊക്യൂർമെന്റ് കമ്മിറ്റി ടെണ്ടറുകൾ പരിശോധിച്ച് അംഗീകരിക്കുകയോ സാധന സാമഗ്രികൾ വാങ്ങുന്നതിനു മുൻപ് അവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുകയോ ചെയ്യുന്നില്ല. ഓഡിറ്റ് വർഷം കമ്മിറ്റി 3 പ്രാവശ്യം കൂടിയിട്ടുള്ളതിൽ വിവിധ ടെണ്ടറുകൾ പ്രകാരം വാങ്ങിയ സാധന സാമഗ്രികളുടെ ഗുണനിലവാരം കമ്മിറ്റി പരിശോധിച്ചു ബോധ്യപ്പെട്ടു എന്ന രേഖപ്പെടുത്തൽ മാത്രമാണുള്ളത് .

- പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങൾ പ്രയോജനപ്പെടുത്താതെ നിഷ്ക്രീയാസ്തിയായി കിടക്കുന്നത് പരിഹരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

- വെള്ളക്കരം സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ കളക്ഷൻ തുക തന്നെ ഡിമാന്റായി കണക്കാക്കുകയും കുടിശ്ശിക തുകയുടെ വിവരം ലഭ്യമാകാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു. ആയതിനാൽ ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.11.19 | 10/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.12.18 മുതൽ 18.12.18 | 2013-14 മുതൽ 2017-18 വരെ | 21.1.2019 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സർട്ടിഫിക്കേഷനിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

# 1-12 വസ്തുനികുതി നിർണ്ണയം- തെറ്റായ ഉപയോഗക്രമം നിശ്ചയിച്ചതിനാൽ നികുതി നഷ്ടം

ശ്രീ.രാമചന്ദ്രൻ.കെ, ചെറുകോട് കളം, ചേരാമംഗലം എന്നവരുടെ 01.08.2018 തീയതിയിലെ എ3-5042/18 നമ്പർ അപേക്ഷ പ്രകാരം 294.70 ചതുരശ്ര മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയം നടത്തി 7/462-A എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ, സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 31.08.2017 ലെ A3/BP/3894/17-18 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത് 211.03 ച.മീ വിസ്തീർണ്ണമുള്ള പോൾട്രി ഫാം പണിയുന്നതിനാണ്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് 294.70 ചതുരശ്ര മീ. വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ്. ഗ്രൂപ്പ് F (കച്ചവട/ വാണിജ്യം) -ൽ വരുന്ന കെട്ടിടമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് സാങ്കേതിക വിഭാഗം അസി. എഞ്ചിനീയർ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തിയാണ്. വാണിജ്യാവശ്യത്തിനുള്ള 100 ച മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച.മീറ്ററിന് 60 രൂപയും ഇതര വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടം എന്നതിന് പകരം ഇതര വ്യവസായ ആവശ്യം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ നികുതി നഷ്ടം ഉണ്ടാവുന്നു.

| നിർണ്ണയിച്ചിരിക്കുന്ന വസ്തുനികുതി | നിർണ്ണയിക്കാവുന്ന വസ്തുനികുതി |
|---|---|
| 294.7*50=14735<br>വർദ്ധനവ്- ഇല്ല<br>ഇളവ്- 20%<br>(മേഖല-10%, മേൽക്കൂര തരം-10%)<br>14735-2947=11788<br>BT=11788<br>LC=590<br>Total=12378 | 294.7*60=17682<br>വർദ്ധനവ്- ഇല്ല<br>ഇളവ്- 20%<br>(മേഖല-10%, മേൽക്കൂര തരം-10%)<br>17682-3536=14146<br>BT=14146<br>LC=707<br>Total=14853 |
| നഷ്ടം=2475 രൂപ | |

2) ക്രമവൽകരണ ഫീസായി ഇടാക്കിയിരിക്കുന്നത് 83 ച.മീ *5*2= 830 രൂപയാണ്. പെർമിറ്റിൽ നിന്നും പൂർണ്ണമായി വ്യതിചലിച്ചാണ് നിർമ്മാണമെന്നിരിക്കെ ക്രമവൽകരണ ഫീസ് ഈടാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.08/06.12.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

<u>നിർദ്ദേശം</u>

1. പെർമിറ്റിൽ നിന്നും പൂർണ്ണമായി വ്യതിചലിച്ചാണോ നിർമ്മാണമെന്ന് പരിശോധിക്കേണ്ടതും ആയതിന് അനുസൃതമായി ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതുമാണ്.
2. വസ്തുനികുതി ഇനത്തിൽ നഷ്ടം വന്ന തുക 2475/- ഭരണതല നടപടികളിലൂടെ കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

ശ്രീമതി. രുഗ്മിണി മുതൽപ്പേർ, പികെഎംഎംയുപി സ്കൂൾ, ചിറ്റിലഞ്ചേരി എന്ന പേരിൽ എ3/6807/2019 തീയതി 11.02.2019 നമ്പരായി വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് ഫയൽ, സങ്കേതം സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സങ്കേതം സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്ത സർട്ടിഫിക്കറ്റാണ് അനുവദിച്ചിട്ടുള്ളത് (A3-BA(53866)/2019 തീയതി 11.02.2019). നിലവിലുള്ള 975.41ച.മീ കെട്ടിടത്തോടൊപ്പം 705.24 ച.മീ കൂട്ടിച്ചേർത്ത് ആകെ 1680 ച.മീ ആക്കുന്നതിനാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. എന്നാൽ അപ്രൂവ് ചെയ്ത പ്ലാനിൽ നിലവിലുള്ള 1013.79ച.മീ കെട്ടിടത്തോടൊപ്പം 705.24 ച.മീ കൂട്ടിച്ചേർത്ത് 1719.03 ച.മീ ആക്കുന്ന എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2) 3520 ചതുരശ്ര മീറ്റർ പ്ലോട്ട് ഏരിയയിൽ 1719.03 ച.മീ കെട്ടിടം നിർമ്മിക്കുന്നതായാണ് അംഗീകരിച്ച പ്ലാനിൻ കാണിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ കവറേജ് 1238.99 (Ex. GF 1013.79 + Pro. GF 225.20)/3520*100 =35.19% എന്നതിന് പകരം പ്ലാനിൽ 35% എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗണം C (വിദ്യാഭ്യാസപരം) യിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് കാറ്റഗറി II വില്ലേജ് പഞ്ചായത്തുകളിൽ അനുവദനീയമായ കവറേജിന്റെ പരിധി പരമാവധി 30% ആണെന്നിരിക്കെ കവറേജ് അധികരിച്ചിട്ടും പെർമിറ്റ് അനുവദിച്ചിരിക്കുന്നു.

നിയമപരമല്ലാതെ പെർമിറ്റ് അനുവദിച്ചതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 09/06.12.2019 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

നിലവിൽ തെറ്റായി നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ് റദ്ദുചെയ്യേണ്ടതാണ്. അപേക്ഷയിൽ പുനരന്വേഷണം നടത്തി നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം അളന്നുതിട്ടപ്പെടുത്തി കവറേജ് കണക്കാക്കി പ്ലാൻ സർട്ടിഫൈ ചെയ്യേണ്ടതും നിയമപരമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പെർമിറ്റ് അനുവദിക്കേണ്ടതുമാണ്.

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്

(എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിക്ക് അനുസൃതമായി ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. മൂലധന നിക്ഷേപത്തിന് പകരം ദൈനംദിന വിറ്റുവരവ് അടിസ്ഥാനമാക്കി തന്നെയാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻകടകളും കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോയുടെ നടത്തിപ്പിനും ക്രമ നം. 150 പ്രകാരം മണ്ണെണ്ണയുടെ വിൽപന നടത്തുന്നതിനും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ ക്രമ നം. 139 പ്രകാരം അബ്കാരി ഷോപ്പുകളും ലൈസൻസ് പരിധിയിൽ വരുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്കും കള്ളുഷാപ്പുകൾക്കും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

(സി) ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചിട്ടില്ല.

(ഡി) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

2016 -ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി വ്യാപാരം/വ്യവസായം ആരംഭിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം ലൈസൻസിയിൽനിന്നും വാങ്ങേണ്ടതായിട്ടുണ്ട്. സർക്കുലർ നം.576/ഡിസി1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം ഇതിൽ തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(ഇ) നിയമപരമല്ലാത്ത നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കിനൽകിയിരിക്കുന്നു.

ശ്രീ.കെ.ഭാസ്കരൻ എന്നവരുടെ ഉടമസ്ഥതയിലുള്ള സ്റ്റോൺ ക്രഷർ യൂണിറ്റിന് 28.02.2018 ലെ അപേക്ഷ പ്രകാരം എ3-1434/18 നമ്പരായി ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും

സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ജിയോളജി & മൈനിംഗ് വകുപ്പിന്റെ ലൈസൻസ് 03.08.2018 വരെ മാത്രം കാലാവധിയുള്ളതും പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി 30.06.2018 വരെ മാത്രം കാലാവധിയുള്ളതുമാകുന്നു. റെഡ് കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത വ്യവസായത്തിന് നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ കാലാവധിയെ അധികരിച്ച് 31.03.2019 വരെ ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു.

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.3/30.11.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.
2. റേഷൻകടകൾ, കള്ളുഷാപ്പുകൾ എന്നിവയുൾപ്പെടെ ലൈസൻസ് കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് കൂടതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. ഉറവിടമാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.
4. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കി ലൈസൻസ് അനുവദിക്കേണ്ടതാണ്.
5. നിയമപരമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് പുതുക്കിനൽകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 തൊഴിൽനികുതി പിരിവ് കാര്യക്ഷമമമാക്കേണ്ടതാണ്

1. രജിസ്റ്ററുകളും രേഖകളും പൂർണ്ണമാക്കി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് പ്രദേശത്തെ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ലിസ്റ്റ് പൂർണ്ണമല്ല. വാർഡ് അടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

2. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ശ്രീലക്ഷ്മി ഓട്ടോ ഫ്യുവൽസ് | 9 |
| 2 | സ്നേഹം അഗ്രോ മിൽസ് | 17 |
| 3 | മലബാർ ഇന്റീരിയർ ഡെക്കറേറ്റേഴ്സ് | 7 |

<u>3. റേഷൻ കടകളിൽ നിന്നും അബ്കാരി ഷോപ്പുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും കള്ളുഷാപ്പുകളിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

<u>4. ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

മേലാർകോട് ഗ്രാമപഞ്ചായത്ത് പരിധിയിലെ ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

<u>5. അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

2018-19 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവൃത്തികൾ നിർവഹിക്കുന്നതിന് ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | കരാറിലേർപ്പെട്ട പ്രവൃത്തികളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | വി. ഉണ്ണികൃഷ്ണൻ | 7 |
| 2 | പി. പ്രതീഷ് | 4 |
| 3 | ജി. രാമചന്ദ്രൻ | 9 |
| 4 | എ. ശശി | 7 |
| 5 | പി. ഭരതൻ | 19 |
| 6 | എസ്. ശിവപ്രസാദ് | 3 |
| 7 | എ. സുഭാഷ് | 11 |
| 8 | അഭിലാഷ് | 1 |
| 9 | എസ്. സന്തോഷ് കുമാർ | 5 |
| 10 | വി. കൃഷ്ണദാസ് | 11 |
| 11 | ബി. ബിനീഷ് | 8 |
| 12 | കെ. ഹക്കീം | 4 |
| 13 | സി.കെ. നിഖിൽ | 4 |
| 14 | എൻ. ദേവദാസൻ | 8 |
| 15 | കെ.എം ഷെയ്ക്ക് അബ്ദുൾ ഖാദർ | 3 |
| 16 | കെ.എം.സെൽവരാജൻ | 1 |
| 17 | രാജേഷ്.ആർ | 3 |
| 18 | ശെൽവദാസൻ | 2 |

ഇവ സംബന്ധിച്ച് നൽകിയ 30.11.2019 ലെ ഓഡിറ്റ് അന്വേഷണം നം. 2 -ന് രേഖകളും രജിസ്റ്ററുകളും കാലികമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും വിട്ടുപോയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ, വാർഡ് അടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ വിവരങ്ങൾ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതതുസമയത്ത് കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്തേണ്ടതുമാണ്.
2. തൊഴിൽ നികുതി ഈടാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കേണ്ടതാണ്.
3. ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ നിന്നും റേഷൻ കടകളിൽ നിന്നും കള്ളുഷാപ്പുകളിൽ നിന്നും അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ബജറ്റ് തയ്യാറാക്കൽ- അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച പാലിക്കേണ്ട സമയക്രമം മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഘടകസ്ഥാപന മേധാവികളുടെ യോഗം ഡിസംബർ 15 ന് മുൻപ് സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും ജനുവരി 15 ന് മുൻപ് ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്. ജനുവരി 22 ന് മുൻപ് സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടതും ഫെബ്രുവരി 1 ന് മുൻപ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടതും മാർച്ച് 1 ന് മുൻപ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടതുമാണ്. മാർച്ച് 7 ന് മുൻപ് കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടതും അന്തിമ ബജറ്റ് മാർച്ച് 31 ന് മുൻപ് അംഗീകരിക്കേണ്ടതുമാണ്.

ബജറ്റ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പദ്ധതിയേതര നിർദ്ദേശങ്ങൾക്കായി ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുചേർത്തതായി കാണുന്നില്ല. ആരോഗ്യ വിദ്യാഭ്യാസം, ക്ഷേമകാര്യം, വികസനകാര്യം തുടങ്ങിയ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളൊന്നും തന്നെ നടത്തിയിട്ടില്ല. 14.02.2018 -ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം ബജറ്റ് നിർദ്ദേശങ്ങൾ ചർച്ചചെയ്ത് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിക്കുകയും 14.03.2018 -ന് കരട് ബജറ്റ് തയ്യാറാക്കി ആയത് ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 16.03.2018 ന് ചേർന്ന ഭരണസമിതി യോഗം ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്.
ബജറ്റ് രൂപീകരണം സംബന്ധിച്ച സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 04/30.11.2019 ന് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുവാൻ മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക അവശ്യ

മേഖലകളിൽ വകയിരുത്തപ്പെടാതെ പോകുന്നതിന് ഇടയാക്കുമെന്നതിനാൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 കുടിവെള്ള പദ്ധതികളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം എന്നിവ പഞ്ചായത്തിന് ബാധ്യത സൃഷ്ടിക്കുന്നു

പഞ്ചായത്ത് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികൾ

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് ഏതാനും പദ്ധതികൾ കൈമാറിയിട്ടുണ്ടെങ്കിലും 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്ത് 9 പദ്ധതികൾ നേരിട്ട് പരിപാലിച്ചിരുന്നതായി കാണുന്നു. ഇവയുടെ നടത്തിപ്പിനായി 8 പമ്പ് ഓപ്പറേറ്റർമാരെ ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ്, റിപ്പയർ ചാർജ്ജ്, വേതനം എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഭീമമായ തുക പ്രതിമാസം ചെലവഴിക്കേണ്ടി വരുന്നുണ്ട്. 2018-19 വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിനായി ഗ്രാമപഞ്ചായത്ത് 1038474 രൂപ ചെലവഴിച്ചിട്ടുണ്ട്.

തൻവർഷത്തെ വരവ് 258200 രൂപയും ചെലവ് 1038474 രൂപയുമാണെന്നിരിക്കെ വരവും പരിപാലന ചെലവും തമ്മിലുള്ള അന്തരം പഞ്ചായത്തിന് ബാധ്യതയായി മാറുന്നു.

വാട്ടർ ചാർജ്ജ് വരവ് സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വരവ് തുക തന്നെയാണ് ഡിമാന്റ് ആയി സൂചിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ കുടിശ്ശിക തിട്ടപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റിൽ വാട്ടർചാർജ്ജ് ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുക ഉൾപ്പെടുത്താത്തതിനാൽ സ്ഥാപനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി പ്രതിഫലിക്കുന്നില്ല. ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതും കുടിശ്ശിക കണക്കാക്കി ഈടാക്കേണ്ടതുമാണ്.

2.പൊതുടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 193 പൊതു കുടിവെള്ള ടാപ്പുകൾക്ക് പ്രതിമാസം 84438 രൂപ നിരക്കിൽ 2018-19 വർഷം 1013256 രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. ഒരു ടാപ്പിന് 5250 രൂപയാണ് പ്രതിവർഷ നിരക്ക്. ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ ഉള്ള ഗ്രാമപഞ്ചായത്തിന് വെള്ളക്കരം അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതും ജലലഭ്യത ഉറപ്പാക്കിയശേഷം ഘട്ടംഘട്ടമായി പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് ശ്രമിക്കേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 നെൽകൃഷിക്ക് കൂലി ചെലവ്- പരമാവധി സബ്സിഡി

# വകയിരുത്തേണ്ടതാണ്

പദ്ധതി - നെൽകൃഷിക്ക് കൂലി ചെലവ്(9/19)

അടങ്കൽ-6486000(പ്ലാൻ ഫണ്ട് -3196000,ബ്ലോക്ക് പഞ്ചായത്ത്-1316000,ജില്ലാപഞ്ചായത്ത്-1880000, ഗുണഭോക്തൃവിഹിതം – 94000)

ചെലവ് - 5675720 (3196000–പ്ലാൻ ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് -1316000, ജില്ലാപഞ്ചായത്ത്-1163720)

നിർവഹണം – കൃഷിഓഫീസർ

പദ്ധതി പ്രകാരം ആകെ 376 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 1517 പേർക്കാണ് ഉഴവുകൂലി അനുവദിച്ചിരിക്കുന്നത്. ആകെ 683.95 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് തുക അനുവദിക്കേണ്ടതായിരുന്നു. കർഷകർക്ക് അർഹമായ മുഴുവൻ ഉഴവുകൂലിയും അനുവദിക്കുന്നതിനാവശ്യമായ തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 ഗുണഭോക്തൃ വിഹിതം- ഗ്രാമപഞ്ചായത്തിന്റെ രസീതി ഉപയോഗിച്ചില്ല.

പദ്ധതി - നെൽവിത്ത് വിതരണം(15/19)

അടങ്കൽ - 601100- (300550–പ്ലാൻ ഫണ്ട്), (300550–ഗുണഭോക്തൃ വിഹിതം)

ചെലവ് - 200000/–പ്ലാൻഫണ്ട്)

നിർവഹണം-കൃഷിഓഫീസർ

മേൽ പദ്ധതിയുടെ ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ TR -5 Receipt മുഖേന പിരിച്ചെടുക്കുകയും നേരിട്ട് വിത്ത് വിതരണം ചെയ്ത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ഒടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിന്റെ രസീതി മുഖേന (Form No. XXXIII) പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം കൃഷി വകുപ്പിന്റെ രസീതി മുഖേന പിരിച്ച് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ ചെലവ് പത്രികകളിലും പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ തുടർന്നുള്ള പദ്ധതി പ്രവർത്തനങ്ങളിൽ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിന്റെ രസീതി മുഖേന പിരിച്ച് ക്രമപ്രകാരം നടത്തുന്നതാണ് എന്ന മറുപടി നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുണ്ട്.

# 1-20 പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനയുള്ള താഴെ പറയുന്ന രണ്ട് പദ്ധതികളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്ട് - എ.ബി.സി പദ്ധതി - 313/19

അടങ്കൽ - 350000 (പ്ലാൻ ഫണ്ട്)

ചെലവ് – 350000 (ട്രഷറി ബിൽ നം.1/22.10.18)

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിയായ എ.ബി.സി പദ്ധതി ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിന് പഞ്ചായത്ത് വിഹിതമായി 350000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ എ.ബി .സി പദ്ധതി നടപ്പിലാക്കിയതിന്റെ വിവരം , തുക വിനിയോഗിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും ഗ്രാമപഞ്ചായത്തിൽ പദ്ധതി സമയബന്ധിതമായി നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും പദ്ധതി തുകയുടെ വിനിയോഗസാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.5/02.12.2019)

2.പ്രൊജക്ട് - പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി ( 47//19)

അടങ്കൽ - 1250000(പ്ലാൻ ഫണ്ട് -312500, സംസ്ഥാനാവിഷ്കൃത ഫണ്ട് -312500, മറ്റുള്ളവ - 625000)

ചെലവ് - 312500 -പ്ലാൻ ഫണ്ട് -(ട്രഷറി ബിൽ നം.2/13.2.19)

കന്നുകുട്ടി പരിപാലനപദ്ധതി പ്രകാരം 312500/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 50 പേർക്കുള്ള തുകയാണ് 2018-19 വർഷം നൽകിയിട്ടുള്ളത്. പദ്ധതിയുടെ നിലവിലെ സ്ഥിതി , തുക വിനിയോഗിച്ചതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.5/02.12.2019).

# 1-21 എം.എൻ ലക്ഷം വീട് -അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്.

എം.എൻ ലക്ഷം വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയിൽ 31.3.19 ൽ 1012475/-രൂപ ആലത്തൂർ സർവ്വീസ് സഹകരണ ബാങ്ക് മേലാർകോട് ശാഖയിലുള്ള അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.( അക്കൗണ്ട് നം.3511 ) 2012 മാർച്ച് മുതൽ യാതൊരു ഇടപാടുകളും നടന്നിട്ടില്ല.തുക തിരിച്ചടച്ച് അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതാണ്.

# 1-22 പി.എം.എ.വൈ.വിഹിതം -തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം.3/19

അടങ്കൽ-140000 ( പ്ലാൻ ജനറൽ )

ചെലവ്- 140000

ബിൽ നം.35/11.1.19

മേൽ ബിൽ പ്രകാരം പിൻവലിച്ച തുക ബി.ഡി.ഒ ,നെമ്മാറയുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്.( അക്കൗണ്ട് നം.79901140000 2251).പ്രസ്തുത തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

# 1-23 സാക്ഷരതാ പ്രേരക്മാർക്ക് പ്രോജക്ടിൽ തുക വകയിരുത്തി ഹോണറേറിയം നല്കിയതിന് വിശദീകരണം ആവശ്യപ്പെടുന്നു.

പ്രോജക്ട്-207/19-സാക്ഷരതാ പ്രവർത്തനം

അടങ്കൽ-100000

ചെലവ്-99006

ബിൽ നം.1/24.5.18=99006

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ പ്രേരക്മാരായ സജിത.വി,സുമതി.കെ എന്നിവർക്ക് ഊർജിത സാക്ഷരത മോണിറ്ററിംഗ് നടത്തിയ വകയിൽ ജനവരി,ഫെബ്രുവരി,മാർച്ച് എന്നീ മാസങ്ങളിൽ ഹോണറേറിയം ഇനത്തിൽ 15000/- രൂപ ചെലവഴിച്ചിരിക്കുന്നു.സാക്ഷരത പ്രേരക്മാരായ ഇവർ പ്രസ്തുത പ്രവർത്തികൾ നടത്തുന്നതിന് ഉത്തരവാദപ്പെട്ടവരായതിനാലും ആയതിന് മാസാമാസങ്ങളിൽ ഹോണറേറിയമായി തുക കൈപ്പറ്റുന്നവരായതിനാലും സാക്ഷരത പ്രവർത്തനം നടത്തിയ വകയിൽ വേറെ ഹോണറേറിയം കൈപ്പറ്റിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/07.12.2019) മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ഈയിനത്തിലെ ചെലവു തുക 15,000/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ആവശ്യമായ തുക വകയിരുത്തേണ്ടതാണ്

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്റ്റ് നം. | 0029/19 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് |

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ/ചെക്ക് നം. |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 5,00,000 | 5,00,000 | ട്രഷറി ബിൽ നം. 01/18-19 തി 14.12.2018 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 80,000 | 80,000 | ചെക്ക് നം. 8894158 തി 21.03.2019 |
| ആകെ | 5,80,000 | 5,80,000 | |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹ 40,000/- ഒരു കർഷകന് നൽകാവുന്നതാണ്. പദ്ധതി രൂപീകരണത്തിലേയും നടത്തിപ്പിലേയും അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് അവർ അളക്കുന്ന പാലിനാനുപാധികമായി ലിറ്ററൊന്നിന് 3 രൂപ നിരക്കിൽ 2018 ഏപ്രിൽ മുതൽ ഫണ്ട് തീരുന്നതുവരെയുള്ള മാസങ്ങളിൽ ഒരുകർഷകന് പരമാവധി 40000 രൂപ നിരക്കിൽ

ഒരേ കാലയളവിലേക്ക് നൽകാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. 2018 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ പാലളന്ന 265 ക്ഷീരകർഷകർക്ക് ലിറ്ററിന് 3 രൂപ വീതവും സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ പാലളന്ന 192 പേർക്ക് ലിറ്ററിന് 1 രൂപ വീതവുമാണ് വിതരണം ചെയ്തിട്ടുള്ളത്. ലിറ്ററൊന്നിന് 3 രൂപ നിരക്കിൽ ഒരേ കാലയളവിലേക്ക് നൽകുക എന്ന പ്രോജക്ട് ലക്ഷ്യം നിറവേറ്റപ്പെട്ടിട്ടില്ല.

2. ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തൻവർഷം ലഭ്യമായിട്ടില്ല. ബ്ലോക്ക് വിഹിതം വകയിരുത്തിയിട്ടില്ല. പ്രോജക്ടിൽ ആവശ്യമായ തുക വകയിരുത്താത്ത കാരണം 2018 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ മാത്രമാണ് 3 രൂപ നിരക്കിൽ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുള്ളത്.

3. മേലാർകോട് ഗ്രാമപഞ്ചായത്തിലെ മേലാർകോട്, വലതല, കടമ്പിടി, ചിറ്റിലഞ്ചേരി, ചേരാമംഗലം എന്നീ ക്ഷീര വികസന സഹകരണ സംഘങ്ങളിൽ അളന്ന പാലിനാണ് സബ്സിഡി നൽകിയിട്ടുള്ളത്. കൂടാതെ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പന്തപ്പറമ്പ് ക്ഷീരസംഘത്തിലും അയിലൂർ ഗ്രാമപഞ്ചായത്തിലെ അയിലൂർ ക്ഷീരോൽപാദന സഹകരണ സംഘത്തിലും പാലളന്ന മേലാർകോട് ഗ്രാമപഞ്ചായത്തിലെ താമസക്കാരായ കർഷകർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. പന്തപ്പറമ്പ്, അയിലൂർ ക്ഷീര സംഘങ്ങളിൽ പാലളന്ന കർഷകർക്ക് ആനുകൂല്യം നൽകുമ്പോൾ യഥാക്രമം വണ്ടാഴി, അയിലൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് ടി ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ഉറപ്പാക്കിയിട്ടില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.10/06.12.2019 ന് ഫണ്ട് ലഭ്യത അനുസരിച്ചാണ് കർഷകർക്ക് ഇൻസെന്റീവ് നൽകിയിട്ടുള്ളതെന്നും പ്രളയം മൂലമാണ് ക്ഷീരവികസന വകുപ്പ്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്നുള്ള വിഹിതം ലഭ്യമാവാതിരുന്നതെന്നും അയിലൂർ, വണ്ടാഴി, മേലാർകോട് പഞ്ചായത്തുകളിലെ നിർവഹണോദ്യോഗസ്ഥർ ഒരാൾതന്നെയായതിനാൽ സബ്സിഡി ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

പ്രോജക്ട് ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിനും സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം നിർവഹണം നടത്തുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 ലൈഫ് ഭവനപദ്ധതി - പൊതു അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി(ലൈഫ്)യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത

ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ – 2017-18 വർഷത്തിൽ പൂർത്തീകരിച്ചു.

രണ്ടാം ഘട്ടം – 2018-19 വർഷത്തെ ലക്ഷ്യം

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 133 ഉം എസ്.സി വിഭാഗത്തിൽ 4 ഉം പേരാണ് ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 125 (ജനറൽ 121+എസ്.സി 4 ) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

1. ഭവന നിർമ്മാണം (ലൈഫ് ജനറൽ)119/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-I

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 2200000 | 2200000 |
| ബ്ലോക്ക് പഞ്ചായത്ത് | 438900 | 400000 |
| ജില്ലാ പഞ്ചായത്ത് | 531427 | 520000 |
| മറ്റിനം(വായ്പ്പ) | 23229673 | 8800000 |
| ആകെ | 26400000 | 11920000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| I | 50 | 40000 | 2000000 |
| II | 58 | 160000 | 9280000 |
| III | 9 | 60000 | 540000 |
| III | 1 | 100000 | 100000 |
| ആകെ | | | 11920000 |

ഭവനനിർമ്മാണം പൂർത്തീകരിച്ചത് 33 പേര്

b)ഭവന നിർമ്മാണം (ലൈഫ് ജനറൽ)75/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-II

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 2200000 | 2200000 |
| മറ്റ് ഗ്രാമപഞ്ചായത്ത് | 800000 | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 432250 | 432250 |
| ജില്ലാ പഞ്ചായത്ത് | 523375 | 522900 |
| മറ്റുള്ളവ | 22844375 | 9144850 |
| ആകെ | 26800000 | 12700000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 63 | 40000 | 2520000 |
| II | 61 | 160000 | 9760000 |
| III | 7 | 60000 | 420000 |
| ആകെ | | | 12700000 |

ഭവനനിർമ്മാണം പൂർത്തീകരിച്ചത് 19 പേര്

b)ഭവന നിർമ്മാണം (ലൈഫ് എസ്.സി)134/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-II

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി) | 1200000 | 640000 |
| | | |

| | | |
|---|---|---|
| മറ്റ് ഗ്രാമപഞ്ചായത്ത് | 400000 | 40000 |
| ബ്ലോക്ക് പഞ്ചായത്ത് | 73968 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 0 |
| മറ്റുള്ളവ | 0 | 0 |
| ആകെ | 1673968 | 680000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 4 | 40000 | 160000 |
| II | 2 | 160000 | 320000 |
| III | 2 | 100000 | 200000 |
| ആകെ | | | 680000 |

ഭവനനിർമ്മാണം ആരും പൂർത്തീകരിച്ചിട്ടില്ല.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 17944850 രൂപ ഹഡ്കോയിൽ നിന്നു വായ്പ ലഭ്യമായിട്ടുണ്ട്. 31-3-2019 വരെ ലഭ്യമായ തുക ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതാണ്. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ഭാഗികമായി ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിൽ നിന്നും തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-26 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സാമൂഹികമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 07-03-2019 ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 ൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|
| 42/2019, പാലിയേറ്റീവ് കെയർ പ്രോജക്റ്റ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | (പ്ലാൻ ഫണ്ട് -ജനറൽ) | 3,00,000/- | 2,78,438/- |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,15,490/- | 2,11,805/- |
| | | ആകെ | 5,15,490/- | 4,90,243/- |

പ്രോജക്റ്റ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. കൂടാതെ മാർഗ്ഗരേഖയിലെ അനുബന്ധം. 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) പി.എം.സി യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. 2018-19 സാമ്പത്തിക വർഷം 19.12.2018, 13.03.2019 എന്നീ തീയതികൾ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്.
2. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള ഹോം കെയർ വാഹനം വാടകയ്ക്കെടുക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിയ്ക്ക് വിധേയമായി ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് നൽകേണ്ടതാണെന്നും ക്വട്ടേഷൻ പിഎംസി അംഗീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2018-19 വർഷം രണ്ട് തവണ ക്വട്ടേഷൻ ക്ഷണിച്ചതിലും ഒരേ വാഹനങ്ങൾ തന്നെയാണ് ക്വട്ടേഷൻ നൽകിയിട്ടുള്ളത്. ആകെ 3 ക്വട്ടേഷനുകൾ ലഭിച്ചതിൽ രണ്ടെണ്ണം ശ്രീ.സന്തോഷ്.എ എന്ന വ്യക്തിയുടെ പേരിൽ തന്നെയാണ്. ജീപ്പ് മാതൃകയിലുള്ള 7 സീറ്റർ വാഹനം ആണ് ക്വട്ടേഷൻ നോട്ടീസിൽ ആവശ്യപ്പെട്ടതെങ്കിലും മാരുതി വാഗൺ-ആർ വിഭാഗത്തിൽപ്പെട്ട കാറിന്റെ നമ്പർ ജീപ്പിന്റേതെന്ന് കാണിച്ചാണ് മൂന്നാമത്തെ ക്വട്ടേഷൻ നൽകിയിട്ടുള്ളത്. സാധുതയില്ലാത്ത ക്വട്ടേഷനുകളാണ് സമർപ്പിച്ചതെന്നിരിക്കെ ശ്രീ.സന്തോഷ്.എ എന്നയാൾക്ക് ക്വട്ടേഷൻ അനുവദിച്ചുനൽകിയത് നിയമപരമല്ല.

(ഓഡിറ്റ് അന്വേഷണം നം.7/04.12.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പി.എം.സി, പി.ഐ.സിയുടെ എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

2. മാർഗ്ഗരേഖയിൽ വാഹനം ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്വട്ടേഷൻ നടപടികളിലെ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. കൂടുതൽ സ്ഥലങ്ങളിൽ സംഭാവനാ ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കേണ്ടതും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

# 1-27 ബാലസഭ- പഠന യാത്രക്കായി തുക ചെലവഴിച്ചത് സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധം

പദ്ധതി – ബാല സൗഹൃദ പഞ്ചായത്ത്(25/19)

അടങ്കൽ - 50000/- പ്ലാൻ ഫണ്ട്

ചെലവ് - 50000/-(ട്രഷറി ബിൽ നം.3/16.11.18)

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

(a) പദ്ധതി തുക 50000/- രൂപ ട്രഷറി ബിൽ നം.3/16.11.18 പ്രകാരം പിൻവലിച്ച് കുടുംബശ്രീ പഞ്ചായത്ത് സമിതി അക്കൗണ്ടിലേക്ക്(നം.010800100110869 ധനലക്ഷ്മി ബാങ്ക്, മേലാർകോട്) ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. ബാല സൗഹൃദ പഞ്ചായത്ത് എന്ന പദ്ധതിയുടെ ചെലവ് ആകെ 31370/-രൂപയാണ്. 26.01.2019-ൽ ബാലസഭ അംഗങ്ങൾ കൊച്ചി മെട്രോയിൽ ബാലസഭ പഠന യാത്ര നടത്തിയതിന്റെ ചെലവാണ്. ബാക്കിയുള്ള പദ്ധതി തുക 18630/-രൂപ സഞ്ചിത നിധിയിൽ തിരിച്ചടക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.11/06.12.19)

(b) പദ്ധതി തുക 50000/- രൂപ പിൻവലിച്ച് കുടുംബശ്രീ പഞ്ചായത്ത് സമിതി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ 26.1.19 ൽ കൊച്ചി മെട്രോയിൽ ബാലസഭ പഠന യാത്ര നടത്തിയതിന് 31370/- (യാത്ര - 18390+ ഭക്ഷണം - 12980)ചെലവഴിച്ചിട്ടുണ്ട്.

2018-19 പ്ലാൻ - സബ്സിഡി മാർഗരേഖ ഖണ്ഡിക 7-6-17 പ്രകാരം ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സംസ്ഥാനതല നിർദ്ദേശങ്ങൾ പരിഗണിച്ച് ബാലസഭ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള പദ്ധതി ആവിഷ്കരിക്കാം

എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കുടുംബശ്രീ മിഷന്റെ 3266/കെ/18 /28.3.18 നമ്പർ സർക്കുലർ പ്രകാരം 2018-19 ലെ ബാലസഭ പ്രവർത്തന കലണ്ടറിൽ - നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിൽ പഠന/ഉല്ലാസയാത്ര ഉൾപ്പെടുന്നില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥകൾക്കനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ബാലസഭയ്ക്കായി അംഗീകരിച്ച പ്രവർത്തനകലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

# 1-28 പൊതു മരാമത്തു പ്രവൃത്തികൾ അവലോകനം

തൻവർഷം ആകെ പൊതു മരാമത്തു പ്രവൃത്തികൾക്കായി ആകെ ₹. 44318148/- വകയിരുത്തിയതിൽ ₹.27989128/- ആണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 63% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 2018-19 വർഷം സ്പിൽ ഓവർ ഉൾപ്പെടെ 173 പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയതിൽ 117 എണ്ണത്തിനാണ് തുക ചെലവഴിച്ചിട്ടുള്ളത്.

- 2018-19 വർഷം സ്പിൽ ഓവറായ(2017-18 ലെ) താഴെ പറയുന്ന പ്രവൃത്തികൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

1. പി.എച്ച്.സി നവീകരണം (258/19)

2. കൃഷിഭവൻ, എൽഎസ്.ജിഡി ഓഫീസ് മെയിന്റനൻസ് (261/19)

3. ചിറ്റിലഞ്ചാരി മണ്ണാന്തറ കുടിവെള്ള പദ്ധതി(266/19)

4. കല്ലത്താണി കുടിവെള്ള പദ്ധതി(267/19)

5. കൊട്ടേക്കാട് മാങ്ങോട് കോളനി റോഡ് നിർമ്മാണം (269/19)

6. കല്ലത്താണി മാങ്ങോട് ബോർവെൽ നിർമ്മാണം (270/19)

ഇവ പൂർത്തീകരിക്കാതിരുന്നതിന കാരണവും ഇവ 2019-20ൽ സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുമുള്ള വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/7.12.19) മറുപടി ലഭ്യമായില്ല. സ്പിൽഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

- 2018-19 ലെ പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ടോ എന്നും ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ കാരണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല.

2. പൊതു അപാകതകൾ

- ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
- ടെണ്ടർ രജിസ്റ്റർ - രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. തീരുമാനം പകർപ്പ് ടെണ്ടർ ഫയലിലും സൂക്ഷിക്കുന്നില്ല.

- എഗ്രിമെന്റ് രജിസ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 2017-18 ൽ ചേർത്തിട്ടില്ല. 2018-19ൽ ഭാഗികമായേ ചേർത്തിട്ടുള്ളൂ.
- എല്ലാ പ്രവൃത്തി ഫയലുകളിലും സാങ്കേതികാനുമതി ലഭിച്ചത്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ചേർത്തിട്ടില്ല.
- എല്ലാ ടാറിംഗ് പ്രവൃത്തികളുടെ ഫയലിലും കരാറുകാർ ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ/ പകർപ്പ് ബില്ലുകൾ വെച്ചിട്ടില്ല.
- അളവുപുസ്തകത്തിലോ ഫയലിലോ ടാറിന്റെ ആവശ്യകത, വിനിയോഗം എന്നിവ കണക്കാക്കി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാനുൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോഴും എഗ്രിമെന്റ് കാലാവധിക്കു ശേഷം പൂർത്തീകരണത്തീയതി നീട്ടി നൽകുമ്പോഴും സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- ഇ ടെണ്ടറുകളുടെ മുഴുവൻ രേഖകളും വർക്ക് ഫയലിൽ സൂക്ഷിക്കുന്നില്ല.
- പദ്ധതി പ്രദേശത്ത് Name Board വെയ്ക്കുന്നതിന് എല്ലാപ്രവൃത്തികളിലും എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ വെയ്ക്കുകയോ ചെയ്യുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണ്. കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
- ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലാവണം റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കേണ്ടത്.
- പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ നാളിതു വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

സ്ഥലലഭ്യത ഉറപ്പുവരുത്തൽ, പര്യാപ്തമായ ഫണ്ട് വകയിരുത്താതിരിക്കൽ, മുതലായ ആസൂത്രണത്തിലെ പാളിച്ചകൾ ഒഴിവാക്കുന്നതിനും പദ്ധതി പ്രദേശത്തെ തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-29 യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള

പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല . കരാർ തുകയുടെ 1% പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി,പി.എ.സി ബിൽനം./തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) ₹ |
|---|---|---|---|---|
| 1. | മാങ്ങോട് തുടിയിൽക്കോട് കാത്താംപൊറ്റ റോഡ്(106/18), 249072/-, 40/31.7.18-223756 | 5.1.17 | 24.1.17 ദേവദാസ് | 2491 |
| 2. | എം.എൽ.എ റോഡ് കൊട്ടക്കാട് റോഡ് കിഴക്ക് ഭാഗം കോൺക്രീറ്റിംഗ് (90/19) , 99365, 75/5.12.18- 100000 | 20.8.18 | 17.9.18 ഹക്കിം.കെ. | 1000 |
| ആകെ പിഴ ഈടാക്കേണ്ടത് | | | | 3491 |

ആകെ ഈടാക്കേണ്ട പിഴ ₹. 3491/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 14/ 10.12.19 മറുപടിയായി കരാറുകാരിൽ നിന്നും പിഴ ഈടാക്കി അടവാക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## 1-30 ഇ-ടെണ്ടർ ഫോം തുക പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്

അസി.എഞ്ചിനീയർ ഇ-ടെണ്ടർ ആവശ്യത്തിലേക്കായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നം.37262999236, എസ്.ബി.ഐ, നെന്മാറ ബ്രാഞ്ച്) 29.11.19 ന് 58188/-രൂപ

നീക്കിയിരുപ്പുണ്ട്. ഈ തുകയിൽ ടെണ്ടർ SBI, നെന്മാറ ഫോം വിലയിനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 12/7.12.19)

# 1-31 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 2018-19 വർഷത്തെ പ്രവൃത്തികൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാനുവലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.മാനുവലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാറുകാരന്റെ അപേക്ഷ കൂടാതെയും എ.ഇ യുടെ ശുപാർശ ഇല്ലാതെ നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന്<br>(അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ നല്കിയിട്ടുണ്ടെങ്കിലും ദീർഘിപ്പിക്കാൻ നിയമാനുസൃതമായ

രീതിയിലല്ല പിഴ ഈടാക്കിയിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്തി. പൂർത്തീകരണ കാലാവധി ആദ്യ തവണ 25% ൽ അധികരിച്ചും ആകെ 50% ൽ അധികരിച്ചും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ചില പ്രവൃത്തികളിൽ ഫൈൻ ഈടാക്കിയിട്ടില്ല/കുറവായാണ് ഈടാക്കിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പിഴ ഈടാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരങ്ങൾ | പിഴ ഈടാക്കേണ്ടത് 1%+2% | ഈടാക്കിയത് | പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|
| 1. | മല്ലൻകുണ്ട് ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം(293/18)<br>പി.എ.സി. - 99640/-<br>ബിൽ നം. 118/26.2.19,<br>തുക-100000/-<br>അളവു പുസ്തകം-98/18-19<br>കരാറുകാരൻ- ഷെയ്ക്ക് അബ്ദുൾ കാദർ<br>എഗ്രിമെൻറ്- 98/23.12.17 (സൈറ്റ്-24.12.17<br>പൂർത്തീകരിക്കേണ്ട തീയതി - 31.3.18<br>പൂർത്തീകരിച്ച തീയതി- 26.2.19 | 3000 | 0 | 3000 |
| 2. | കല്ലങ്കോട് കുടിവെള്ള പദ്ധതി(252/18) | 10182 | 0 | 10182 |

| | | | | |
|---|---|---|---|---|
| | പി.എ.സി. - 339386/-<br>ബിൽ നം. 33/21.7.18-175003/-, 27 (2)/23.1.19-119692/-<br>അളവു പുസ്തകം-92/17-18<br>കരാറുകാരൻ- രാമചന്ദ്രൻ<br>എഗ്രിമെൻറ്- 65/21.11.17<br>പൂർത്തീകരിക്കേണ്ട തീയതി - 31.3.18<br>പൂർത്തീകരിച്ച തീയതി- 26.12.18 | | | |
| 3. | മാങ്ങോട് തുടിയിൽക്കോട് കാത്താംപൊറ്റ റോഡ്( 106/18)<br>പി.എ.സി. -249072/-<br>ബിൽ നം. 40/31.7.18,<br>തുക- 223756/-<br>അളവു പുസ്തകം-86/17-18,90/17-18<br>കരാറുകാരൻ- ദേവദാസ്<br>എഗ്രിമെൻറ്- 41/24.1.17<br>പൂർത്തീകരിക്കേണ്ട തീയതി - 31.3.17<br>പൂർത്തീകരിച്ച തീയതി- 7.2.18 | 7472 | 2261 | 5211 |
| 4. | കൊടിയങ്കാട് പതിയിൽത്തറ റോഡ് 70/17<br>പി.എ.സി. - 199850/-<br>ബിൽ നം. 41/31.7.18,<br>തുക- 196906/- | 5996 | 2000 | 3996 |

| | | | | |
|---|---|---|---|---|
| | അളവു പുസ്തകം-83/17-18,<br>കരാറുകാരൻ- ബിനേഷ്<br>എഗ്രിമെൻറ്- 39/20.1.17<br>പൂർത്തീകരിക്കേണ്ട തീയതി - 31.3.17<br>പൂർത്തീകരിച്ച തീയതി- 9.2.18 | | | |
| 5. | തീയേറ്റർ പഞ്ചായത്ത് ഓഫീസ് റോഡ്(66/17)<br>പി.എ.സി. - 299446/-<br>ബിൽ നം. 45/31.7.18/,<br>തുക-295478/-<br>അളവു പുസ്തകം-69/17-18,<br>കരാറുകാരൻ- ബിനേഷ്<br>എഗ്രിമെൻറ്- 38/20.1.17<br>പൂർത്തീകരിക്കേണ്ട തീയതി - 30.5.17<br>പൂർത്തീകരിച്ച തീയതി- 18.1.18 | 8983 | 3000 | 5983 |
| 6. | കല്ലങ്കാട് കനാൽ ബണ്ട് റോഡ്(62/17)<br>പി.എ.സി. - 249613/-<br>ബിൽ നം. 44/31.7.18,<br>തുക- 247858/-<br>അളവു പുസ്തകം-10/17-18,<br>കരാറുകാരൻ- പ്രദീഷ്<br>എഗ്രിമെൻറ്- 22/18.1.17<br>പൂർത്തീകരിക്കേണ്ട തീയതി - 30.5.17 | 7488 | 2500 | 4988 |

| | | | | |
|---|---|---|---|---|
| | പൂർത്തീകരിച്ച തീയതി- 28.2.18 | | | |
| 7. | ചെട്ടിയാർകാട് കല്ല റോഡ്(93/18)<br><br>പി.എ.സി. - 249068/-<br><br>ബിൽ നം. 63/13.11.18,<br><br>തുക- 227820/-<br><br>അളവു പുസ്തകം-104/17-18,<br><br>കരാറുകാരൻ- സി.കെ. നിഖിൽ<br><br>എഗ്രിമെൻറ്- 18/20.1.17<br><br>പൂർത്തീകരിക്കേണ്ട തീയതി - 30.5.17<br><br>പൂർത്തീകരിച്ച തീയതി- 28.3.18 | 7472 | 0 | 7472 |
| 8. | വട്ടോമ്പാടം പതിയിൽത്തറ റോഡ് (64/17)<br><br>പി.എ.സി. - 299128/-<br><br>ബിൽ നം. 39/31.7.18,<br><br>തുക-265693/-<br><br>അളവു പുസ്തകം-82/17-18<br><br>കരാറുകാരൻ- ബിനേഷ്<br><br>എഗ്രിമെൻറ്-37/20.1.17<br><br>പൂർത്തീകരിക്കേണ്ട തീയതി - 31.3.17<br><br>പൂർത്തീകരിച്ച തീയതി- 15.2.18 | 8974 | 2697 | 6277 |
| 9. | പള്ളിപ്പാടം അമ്പലം റോഡ് (63/17) | 5974 | 1733 | 4241 |

| | | | | |
|---|---|---|---|---|
| | പി.എ.സി. - 199125/-<br>ബിൽ നം. 36/31.7.18,<br>തുക-171425/-<br>അളവു പുസ്തകം-14/17-18<br>കരാറുകാരൻ- ഹക്കീം<br>എഗ്രിമെൻറ്-24/19.1.17<br>പൂർത്തീകരിക്കേണ്ട തീയതി - 30.5.17<br>പൂർത്തീകരിച്ച തീയതി- 28.2.18 | | | |
| 10. | മേലെ പള്ളിപ്പാടം റോഡ് (113/18)<br>പി.എ.സി. - 99789/<br>ബിൽ നം. 37/31.7.18,<br>തുക-98268/-<br>അളവു പുസ്തകം-11/17-18<br>കരാറുകാരൻ- പ്രദീഷ്<br>എഗ്രിമെൻറ്- 20/18.1.17<br>പൂർത്തീകരിക്കേണ്ട തീയതി - 31.5.17<br>പൂർത്തീകരിച്ച തീയതി-23.2.18 | 3000 | 990 | 2010 |
| 11. | ആയുർവേദാശുപത്രിയിൽ സ്റ്റോർറൂം ടോയ്ലറ്റ് നിർമ്മാണം(113/17)<br>പി.എ.സി. - 449905/-<br>ബിൽ നം. 35/31.7.18,<br>തുക- 386287/- | 13497 | 3863 | 9634 |

| | | | | |
|---|---|---|---|---|
| | അളവു പുസ്തകം-35/16-17, 93/17-18<br><br>കരാറുകാരൻ- പ്രദീഷ്<br><br>എഗ്രിമെൻറ്- 52/20.2.17<br><br>പൂർത്തീകരിക്കേണ്ട തീയതി - 31.3.17<br><br>പൂർത്തീകരിച്ച തീയതി- 23.3.18 | | | |
| 12. | പാറയ്ക്കൽക്കാട് ,നൊണ്ണംകുളം,കിളിയല്ലൂർ അങ്കണവാടി മെയിൻ്റനൻസ്(291/18)<br><br>പി.എ.സി. - 323658/-<br><br>ബിൽ നം. 4/17.5.18-219934/, 16 (2)/23.1.19-104267/-<br><br>അളവു പുസ്തകം-30/17-18,<br><br>കരാറുകാരൻ- രാജേഷ്. ആർ<br><br>എഗ്രിമെൻറ്- 96/22.12.17<br><br>പൂർത്തീകരിക്കേണ്ട തീയതി - 31.3.18<br><br>പൂർത്തീകരിച്ച തീയതി- 8.8.18 | 9710 | 0 | 9710 |
| 13. | മഞ്ഞക്കാട്ടുകുന്ന് ബോർവെൽ(179/17)<br><br>പി.എ.സി. - 282684/-<br><br>ബിൽ നം. -26/30.6.18,<br><br>തുക- 183480/-<br><br>അളവു പുസ്തകം-91/16-17 | 8481 | 1835 | 6646 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ- ഫ്രാങ്ക്ലിൻ ജോസ്<br>എഗ്രിമെൻറ്- 80/3.3.17<br>പൂർത്തീകരിക്കേണ്ട തീയതി - 3.6.17<br>പൂർത്തീകരിച്ച തീയതി- 19.3.18 | | | |
| ആകെ പിഴ ഈടാക്കേണ്ടത് | | | | 79350 |

ആകെ ഈടാക്കേണ്ട പിഴ ₹. 79350/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 12/ 07.12.19) മറുപടി ലഭ്യമായിട്ടില്ല.

# 1-32 പൊളിച്ചു മാറ്റിയ സാധനസാമഗ്രികളുടെ വിനിയോഗ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളിൽ കെട്ടിട അറ്റകുറ്റപ്പണികളുടെ ഭാഗമായി ചില ഭാഗങ്ങൾ പൊളിച്ചു മാറ്റിയിട്ടുണ്ട്. എന്നാൽ പൊളിച്ചു മാറ്റിയ സാധനങ്ങൾ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി മൂല്യനിർണ്ണയം നടത്തി രേഖാമൂലം പഞ്ചായത്തിലേക്ക് കൈമാറിയിട്ടില്ല. അളവുപുസ്തകത്തിലും ഇതു സംബന്ധിച്ച് രേഖപ്പെടുത്തലുകളില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കോതലാം പറമ്പ് വനിതാ വ്യവസായ കേന്ദ്രം നവീകരണം (306/19)

അടങ്കൽ- 450000/- (വികസനഫണ്ട് ജനറൽ)

ബിൽ നം. -45/15.3.19,തുക- 448246/-

അളവു പുസ്തകം-57/18-19

കരാറുകാരൻ- കൃഷ്ണദാസ്.വി.

പ്രവൃത്തിയുടെ ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം ഇനം(11) “Dismantling roofing including ridges, hips, valleys,etc. and stacking ....of asbestoes “ എന്ന പ്രവൃത്തിക്കായി 117.25m2 ന് 45.09/m2 നിരക്കിൽ ₹. 5286.80 ചെലവഴിച്ചിട്ടുണ്ട്. കൂടാതെ

ഇനം(14) Supplyivg and fixing rolling shutters etc. ചെയ്യതിന് ₹. 62988.12 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരം പൊളിച്ചു മാറ്റിയ സാധന സാമഗ്രികൾ , ഇനം (14) ചെയ്യുന്നതിനു മുൻപ് പൊളിച്ചുമാറ്റിയ സാധനങ്ങൾ

2. വിവിധ സബ്സെന്ററുകൾ നവീകരണം(102/18)

അടങ്കൽ- 490000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നം. -42(2)/26.2.19,തുക- 394413/-

അളവു പുസ്തകം-46/18-19

കരാറുകാരൻ- ശെൽവദാസൻ

പ്രവൃത്തിയുടെ ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം എക്സ്ട്രാ ഐറ്റം ( 1) “Dismantling roofing including ridges, hips, valleys,etc. and stacking .......ന് 130.32m2 ന് 118.38/m2 നിരക്കിൽ ₹.15427.28 ചെലവഴിച്ചിട്ടുണ്ട്. ഇതുപ്രകാരം പൊളിച്ചുമാറ്റിയ സാധന സാമഗ്രികൾ

3.വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് (240/18)

അടങ്കൽ- 495000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നം. -3/17.5.18,തുക- 377095/-

അളവു പുസ്തകം-28/17-18

കരാറുകാരൻ- ഉണ്ണിക്കൃഷ്ണൻ.വി.

പ്രവൃത്തിയുടെ ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം ഇനം (12) “Dismantling tiled roofing etc. 80.05/m2 ന് 120.92/m2 നിരക്കിൽ ₹.9679.65 ചെലവഴിച്ചിട്ടുണ്ട് . ഇതിൽ പൊളിച്ചു മാറ്റിയ സാധന സാമഗ്രികൾ

4. വെറ്ററിനറി ആശുപത്രി നവീകരണം (241/19)

അടങ്കൽ- 475000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നം. -2/17.5.18,തുക- 461127/-

അളവു പുസ്തകം-29/17-18

കരാറുകാരൻ- കൃഷ്ണദാസ്.വി.

പ്രവൃത്തിയുടെ ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം ഇനം (10) - “Dismantling doors and windows etc. - 5 എണ്ണം, ഇനം (12 ) - “Dismantling roofing including ridges, hips, valleys,etc. and stacking എന്നിവ പ്രകാരം പൊളിച്ചു മാറ്റിയ സാധന സാമഗ്രികൾ

മേൽപ്പറഞ്ഞ 4പ്രവൃത്തികളിലും കൂടി പൊളിച്ചു മാറ്റിയ സാധനങ്ങൾ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി മൂല്യനിർണ്ണയം നടത്തി രേഖാമൂലം പഞ്ചായത്തിലേക്ക് കൈമാറാത്തതും അളവുപുസ്തകത്തിൽ ഇവയുടെ വിനിയോഗം സംബന്ധിച്ച് രേഖപ്പെടുത്തലുകളില്ലാത്തതിനെക്കുറിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/ 10.12.19) ക്രമനം.1,2,4 എന്നിവയിലെ പൊളിച്ചു മാറ്റിയ സാധനങ്ങൾ സൈറ്റിൽ തന്നെ ശേഖരിച്ചുവെച്ച് പഞ്ചായത്തിനെ വിവരം അറിയിച്ചിട്ടുണ്ടെന്നും ക്രമനം.3 ലെ പൊളിച്ചു മാറ്റിയ സാധനങ്ങൾ പഞ്ചായത്ത് പരിസരത്തുതന്നെ സൂക്ഷിച്ച് വെച്ച് പഞ്ചായത്തിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

അസി.എഞ്ചിനീയർ മേൽ സാധന സാമഗ്രികളുടെ മൂല്യനിർണ്ണയം നടത്തി സർവ്വേ റിപ്പോർട്ട് പഞ്ചായത്തിന് നൽകേണ്ടതും പഞ്ചായത്ത് ഇവ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്. ഭാവിയിൽ പൊളിച്ചുമാറ്റുന്ന സാധന സാമഗ്രികളുടെ വിനിയോഗ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

# 1-33 വകയിരുത്തിയ തുകയിൽ നിന്നും വ്യതിചലിച്ച് എസ്റ്റിമേറ്റ്- പദ്ധതിപ്പണം വിനിയോഗിക്കാതെ കാലഹരണപ്പെട്ടു

പ്രൊജക്റ്റ്- കാപ്പുകാട് കോളനി റോഡ് പൂർത്തീകരണം(88/19)

അടങ്കൽ- 170000/- (വികസനഫണ്ട് -എസ്.സി.പി)

ബിൽ നം. -24(2)/23.1.19, തുക- 80299/-

കരാറുകാരൻ- പ്രദീഷ്.ബി.

കാപ്പുകാട് കോളനി റോഡ് പൂർത്തീകരണം പ്രവൃത്തിക്കായി വികസനഫണ്ട് (SCP) നിന്നും 170000/- രൂപക്ക് ഭരണാനുമതി നൽകുകയും തുക വകയിരുത്തുകയും അംഗീകാരം വാങ്ങുകയും ചെയ്തിരുന്നു. എന്നാൽ വർക്ക് ഫയൽ പരിശോധിക്കുമ്പോൾ സാങ്കേതികാനുമതി, എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ പ്രകാരം 100000/- രൂപയാണ് പ്രവൃത്തിക്കായി അനുവദിച്ചതായി കണക്കിലെടുത്ത് പ്രവൃത്തി ചെയ്തിരിക്കുന്നത്. എന്നാൽ വകയിരുത്തിയ തുക പിന്നീട് ₹. 100000/- ആയി ഭേദഗതി വരുത്തിയിട്ടില്ല. പ്രവൃത്തിക്കായി 100000/- രൂപയേ ആവശ്യമുള്ളു എങ്കിൽ അടങ്കലിൽ ഭേദഗതി വരുത്തി സേവിംഗ്സ് തുക മറ്റു പ്രവൃത്തികൾക്കായി പ്രയോജനപ്പെടുത്താമായിരുന്നത് ചെയ്തിട്ടില്ല. തന്മൂലം ബാക്കി തുക ലാപ്സാകാനിടയായി. ഇത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ്. ആവശ്യാനുസരിച്ച് പ്രൊജക്റ്റ് തയ്യാറാക്കി തുക വകയിരുത്തുന്നതിന് ശുപാർശ നൽകുന്നതിലും ആവശ്യകത ഉറപ്പു വരുത്തി തുക വകയിരുത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പ്, ധനകാര്യ വികസന സ്റ്റാൻഡിംങ് കമ്മിറ്റികൾ എന്നിവർ വീഴ്ച വരുത്തിയിട്ടുള്ളതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/ 10.12.19) കാപ്പുകാട് കോളനി റോഡ് പൂർത്തീകരണം പ്രവൃത്തി 100000/- രൂപക്ക് പൂർത്തീകരിച്ച് ബാക്കി തുക ഭേദഗതി ചെയ്യുന്നതിന് പഞ്ചായത്തിന് അറിയിപ്പ് നൽകിയിരുന്നതാണ് എന്നാണ്

നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

ലഭ്യമാകുന്ന ഫണ്ട് യഥാർത്ഥ ആവശ്യകത ഉറപ്പു വരുത്തി വകയിരുത്തുന്നതിനും പദ്ധതിപ്പണം വിനിയോഗിക്കാതെ കാലഹരണപ്പെട്ടു പോകാതിരിക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പ്, ധനകാര്യ വികസന സ്റ്റാൻഡിംങ്ങ് കമ്മിറ്റികൾ, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ ജാഗ്രത പാലിക്കേണ്ടതാണ്.

# 1-34 പ്ലാസ്റ്റിക്ക് മാലിന്യ സംഭരണകേന്ദ്ര നിർമ്മാണം പ്രവൃത്തി -ലക്ഷ്യം കൈവരിച്ചില്ല

അടങ്കൽ- 1200000/- ( കേന്ദ്രാവിഷ്കൃതഫണ്ട്-ശുചിത്വമിഷൻ)

കരാറുകാരൻ- ദേവദാസൻ.എൻ.

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരിക്കുന്നതിനുള്ള കേന്ദ്രം നിർമ്മിക്കുന്നതിനുള്ള പ്ലാസ്റ്റിക്ക് മാലിന്യ സംഭരണകേന്ദ്ര നിർമ്മാണം (314/19) എന്ന പ്രവൃത്തി 13.12.18 ന് എഗ്രിമെന്റ് വെച്ച് 4--ാം വാർഡിലെ അമ്പാഴകുന്ന് ശ്മശാനത്തിന്റെ ഒരു ഭാഗമായ സൈറ്റ് കരാറുകാരന് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ കെട്ടിട നിർമ്മാണത്തിൽ യാതൊരു വിധ പുരോഗതിയും കൈവരിച്ചിട്ടില്ല.



നിർദ്ദിഷ്ട സ്ഥലം

ഓഡിറ്റ് ടീം പ്ലാസ്റ്റിക്ക് മാലിന്യ സംഭരണകേന്ദ്രം നിർമ്മിക്കാനുദ്ദേശിച്ചിട്ടുള്ള സ്ഥലം സന്ദർശിച്ചപ്പോൾ അവിടം മുഴവൻ പുല്ല് വളർന്ന് മൂടിക്കിടക്കുന്നതായും അതുകൊണ്ടുതന്നെ എന്തെങ്കിലും നിർമ്മാണപ്രവൃത്തി നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടാനുമായില്ല. പ്രവൃത്തി നടപ്പിലാകാതിരുന്നതിന് കാരണവും പ്രവൃത്തി ഉപേക്ഷിച്ചിട്ടുണ്ടോ എന്നുള്ള വിവരവും അന്വേഷിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 14/10.12.19) പ്രവൃത്തി ഉപേക്ഷിച്ചിട്ടില്ല എന്നും പ്രവൃത്തിയുടെ ഫൗണ്ടേഷൻ എടുക്കുകയും തുടർന്ന് പ്രവൃത്തിക്കായി രണ്ടു തവണ സ്ഥലത്ത് ചെല്ലുകയും പ്രദേശ വാസികളുടെ എതിർപ്പുമൂലം പദ്ധതി നിറുത്തി വെയ്ക്കേണ്ടി വന്നിട്ടുള്ളതായും അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ജനങ്ങൾക്കിടയിൽ പ്ലാസ്റ്റിക്ക് മാലിന്യ സംഭരണകേന്ദ്രത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണാധികാരികൾ സ്വീകരിക്കേണ്ടതാണ്.

# 1-35 ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുകയിൽ ബാക്കി തിരികെ അടവാക്കണം

താഴെ പറയുന്ന പ്രവൃത്തികൾക്ക് നെന്മാറ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിച്ച് സംയുക്ത പ്രൊജക്ടായിട്ടാണ് തുക വകയിരുത്തിയിരിക്കുന്നത്. പദ്ധതികളുടെ ഫയലുകൾ പരിശോധിക്കുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിനു ശേഷവും ബ്ലോക്ക്

പഞ്ചായത്തിൽ നിന്നും ലഭ്യമായ മുഴുവൻ തുകയും ചെലവായിട്ടില്ല എന്നു കാണുന്നു. എന്നാൽ ബാക്കി തുക തിരികെ അടവാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി, അടങ്കൽ | ബ്ലോക്ക് വിഹിതം | ചെലവായ തുക/ ചെക്ക്നം | ബാക്കി |
|---|---|---|---|---|
| 1. | സി.എൻ.എസ് റോഡ് നവീകരണം( 308/19), 660000/- | 560000 | 557861/- 8894155/25.3.19- 535545/-, 8894156/25.3.19- 22316/- | 2139 |
| 2. | തെക്കുംപുറം ആലയ്ക്കൽ ചീനാമ്പുഴ റോഡ് നിർമ്മാണം(285/19), 552536/- | 500000 | 483075 2278085/21.8.19 | 16925 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/10.12.19) മറുപടി ലഭ്യമായില്ല. ബാക്കി തുക തിരികെ അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-36 പഞ്ചായത്തിന്റെ ആസ്തിയായ കെട്ടിടങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല

1. കോതലാം പറമ്പ് വനിതാവ്യവസായകേന്ദ്രം



2003 ൽ 335000/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ കെട്ടിടത്തിൽ 2018-19 ൽ 450000/- രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തി (306/19) 448246/-രൂപ ചെലവഴിച്ച് നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഈ കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി 150000/-രൂപ തൻ വർഷം വകയിരുത്തിയിരുന്നെങ്കിലും (280/19) പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടം നിലവിൽ പ്രവർത്തിക്കാതെ അടച്ചു പൂട്ടിക്കിടക്കുന്നതായി കണ്ടു. നിലവിൽ കറന്റ് കണക്ഷൻ ഇല്ല. താക്കോൽ ലഭ്യമല്ലാത്തതിനാൽ തുറന്ന പരിശോധിക്കാൻ സാധിച്ചില്ല.

2. SC വിപണനകേന്ദ്രം , പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട്




2013-14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി എസ്.സി. വിഭാഗത്തിൽപ്പെട്ട വികലാംഗർക്കായി ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിൽ 587000/- രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിൽ മുൻഭാഗത്ത് ഒരു ഹാളും പിറകിൽ ഒരു മുറിയും ഉണ്ട്. 18.06.14 ൽ പൂർത്തീകരിച്ച ഈ കെട്ടിടം ഓഡിറ്റ് ടീം സന്ദർശിച്ചപ്പോൾ നിലവിൽ വിപണനകേന്ദ്രമായി പ്രയോജനപ്പെടുത്താതെ ഉപയോഗ ശൂന്യമായ ട്യൂബുകൾ, കൃഷിഭവന്റെ സാധനസാമഗ്രികൾ എന്നിവ സ്റ്റോക്ക് ചെയ്യുന്നതിന് ഉപയോഗിക്കുന്നതാണ് കണ്ടത് .

3. വനിതാ വിപണനകേന്ദ്രം, പാറയ്ക്കൽക്കാട് ,ചിറ്റിലഞ്ചേരി



2014-15 ലെ എസ്.സി. വികസനഫണ്ട് ഉപയോഗിച്ച് 1000000/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ കെട്ടിടത്തിൽ മുകളിലും താഴെയുമായി 4 മുറികൾ ഉള്ളതിൽ താഴെയുള്ള 2 എണ്ണമേ ഉപയോഗിക്കുന്നുള്ളൂ. കെട്ടിടത്തിൽ പഞ്ചായത്തിന്റെ പേരോടുകൂടിയ ബോർഡ് ഇല്ല.

4. SC വികലാംഗർക്കുള്ള തൊഴിൽകേന്ദ്രം, കിളിയല്ലൂർ




3 മുറികളിൽ 2 എണ്ണമേ ഉപയോഗിക്കുന്നുള്ളൂ.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങൾ പ്രയോജനപ്പെടുത്താതെ നിഷ്ക്രിയാസ്തിയായി കിടക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/10.12.19) മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

മേൽ കെട്ടിടങ്ങൾ നിഷ്ക്രിയാസ്തിയായി കിടക്കാതെ ഉപയോഗപ്രദമാക്കുന്നതിന് നിർവ്വഹണാധികാരികളുടെ പ്രത്യേക ശ്രദ്ധയോടെയുള്ള തുടർനടപടികൾ ഉണ്ടാകേണ്ടതാണ്.

# 3-37 മല്ലംകുണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അനുവാദം പുതുക്കി വാങ്ങേണ്ടതാണ്

മല്ലംകുണ്ട് ലിഫ്റ്റ് ഇറിഗേഷൻ (293/18)പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി തൻവർഷം ബിൽനം.118/26.2.19 പ്രകാരം 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് അനുമതി നൽകുന്ന ബഹു.ജില്ലാ കളക്ടറുടെ 29.1.18 ലെ നടപടിക്രമം നം.സി.1-2013/9325/9 കെ.ഡിസ്. പ്രകാരം ഈ അനുമതി 31.3.19 വരെയാണെന്നും ഇതിനുശേഷം അനുവാദം പുതുക്കി വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അനുവാദം പുതുക്കി വാങ്ങിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/10.12.19) മറുപടി ലഭ്യമായില്ല. ബഹു.ജില്ലാ കളക്ടറുടെ അനുവാദം പുതുക്കി വാങ്ങുന്നതിന് നിർവ്വഹണാധികാരികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം-2

വരവിനങ്ങളിലുള്ള പരാമർശങ്ങൾ - ഒന്നുമില്ല

ഭാഗം-3

ചെലവിനങ്ങളിലുള്ള പരാമർശങ്ങൾ – ഒന്നുമില്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 01.07.2019 | കെ.എസ്.എ.പി.കെ.ഡി.21/997/19 തിയ്യതി 26.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1316000 | പ്രൊജക്ട്-9.19 നെൽകൃഷി കൂലിചെലവ് | 1316000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1163720 | ടി | 1163720 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 560000 | CNS റോഡ് നവീകരണം | 557861 | 2139 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | തൊക്കുംപുറം ആലക്കൽ ചീനിമുഴ റോഡ് | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 215490 | 42/19-പാലിയേറ്റീവ് കെയർ | 167379 | 48111 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 871150 | ഭവന നിർമ്മാണം-ലൈഫ് ജനറൽ | 839927 | 31223 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | 92/19-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 83333 | " " | 0 | 83333 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 80000 | 29/19-ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 80000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 139158 | 134/19-ഭവന നിർമ്മാണം എസ്.സി | 0 | 139158 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 77035 | ഭവന നിർമ്മാണം എസ്.സി | 0 | 77035 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 974802 | ഭവന നിർമ്മാണം ജനറൽ | 962900 | 11902 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| – ഒന്നുമില്ല – | | | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 17944850/-രൂപ വരവുണ്ട്. മുഴുവൻ തുകയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവ് തുടങ്ങിയിട്ടില്ല.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | | 17944850 | | 0 | 0 | 17944850 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി-KURDFC മുഖേന | | | | | | |

# 4-6 സ്ഥിര നിക്ഷേപം-

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6528/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-9 | 6528 | ജയപ്രകാശൻ,സെക്രട്ടറി | 118030101786/ 10.7.18 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 3.9.2 | ജലവിതരണവും തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യതയും | വിഷയം പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക തൻ വർഷം ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 104080767 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 92369957 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 85316 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15000 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെ യ്യാവുന്നവ | |
| | ഒന്നുമില്ല | ഒന്നുമില്ല | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 15000 | ശ്രീ.വി. ജയപ്രകാശൻ, സെക്രട്ടറി |

ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 2475 | ശ്രീമതി ജോയ്സി വർഗീസ്, സെക്രട്ടറി |
| 1-29 | 3491 (പിഴ) | ശ്രീമതി ഉമ. ടി.എൻ,അസി.എഞ്ചിനീയർ |
| 1-31 | 66168 (പിഴ) | ശ്രീമതി ഉമ. ടി.എൻ,അസി.എഞ്ചിനീയർ |
| 1-31 | 13182 (പിഴ) | ശ്രീ.അനൂപ്,അസി.എഞ്ചിനീയർ |
| ആകെ | 85316 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജോയ്സി വർഗീസ്, സെക്രട്ടറി | ലഭ്യമായില്ല | W/O സ്റ്റാൻലി ജോസഫ്, പള്ള്ക്കുന്നത്ത് വീട്, കാരമുക്ക് ( നോർത്ത്), |

| | | |
|---|---|---|
| | | കണ്ടശ്ശാംകടവ്,തൃശ്ശൂർ, പിൻ- 680613. |
| ശ്രീമതി ഉമ.ടി.എൻ അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമായില്ല | അയിനംപാടം , നെന്മാറ, പാലക്കാട് പിൻ- 678508. |
| ശ്രീ.അനൂപ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മേലാർകോട് ഗ്രാമപഞ്ചായത്ത്. | കക്കാട്ടു മന ഹൗസ്, തൃശ്ശൂർ. |
| ശ്രീ. വി. ജയപ്രകാശൻ, സെക്രട്ടറി | ലഭ്യമായില്ല | പുളുന്നിരക്കോട് ഹൗസ് പെരുവെമ്പ് (പി.ഒ) പാലക്കാട് – 678531 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി10/62/2002/ 18-1-2002 | 12 |
| 1997-98 | എൽ.എഫ്.പി10/494/2002/ 5-6-2002 | 13 |
| 1998-99 | എൽ.എഫ്.പി9/28/2003/ 14-7-2003 | 11 |
| 1999-2000 | എൽ.എഫ്.പി13/63/2004/ 8-7-2004 | 2 |
| 2000- | എൽ.എഫ്.പി13/64/2004/ 8-7-2004 | 1 |

| | | |
|---|---|---|
| 01 | | |
| 2001-02 | എൽ.എഫ്.പി13/65/2004/ 8-7-2004 | 3 |
| 2002-03 | എൽ.എഫ്.പി12/50/2007/ 9-7-2007 | 1 |
| 2003-04 | എൽ.എഫ്.പി12/51/2007/ 9-7-2007 | 3 |
| 2004-05 | എൽ.എഫ്.പി18/1806/12/ 30-8-2014 | 1 |
| 2005-06 | എൽ.എഫ്.പി18/1807/12/ 30-8-2014 | 1 |
| 2006-07 | എൽ.എഫ്.പി18/1808/12/ 30-8-2014 | 1 |
| 2007-08 | എൽ.എഫ്.പി18/1809(ഡി)/12/ 6-11-2014 | 6 |
| 2008-09 | എൽ.എഫ്.പി18/739/13/ 5-11-2014 | 3 |
| 2009-10 | എൽ.എഫ്.പി18/738/13/7-8-2014 | 3 |
| 2010-11 | എൽ.എഫ്.പി18/737/13/7-8-2014 | 3 |
| 2011-12 | കെ.എസ്.എ-പികെഡി-18/703/16/ 27-5-2017 | 7 |
| 2012-13, 2013-14 & 2014-15 | കെ.എസ്.എ-പികെഡി18/1893/15/ 26-4-2017 | 8 |
| 2015-16 | കെ.എസ്.എ-പികെഡി-18/193/17/ 2-2-2017 | 19 |
| 2016-17 | കെ.എസ്.എ. പി.കെ.ഡി-18/ 1225/17/ 26.7.2017 | 26 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി-18/397/19/26.4.19 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ-പികെഡി-21/997/2019(44)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. Dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ

സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. വാർഷിക ധനകാര്യ പത്രികയിലെ RP-4 പ്രകാരം വെള്ളക്കരം ഇനത്തിൽ 158200 രൂപ വരവുണ്ട്. എന്നാൽ തൻവർഷത്തിൽ ഡിമാന്റ്, ബാലൻസ് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വെള്ളക്കരം ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല.

2. സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3 .വസ്തു നികുതി: സഞ്ചയ സോഫ്റ്റ്‌വെയറിലേയും സാംഖ്യയിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

KSA-PKD-21/997/2019 (44)

Kerala State Audit Department

District Audit Office,Palakkad

Dated:26-08-2019

Phone No.0491-2520145

e-mail.dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Fiinancial Statement of Melarcode Gramapanchayat for the year ended on 31-03-2019 in Palakkad District in accordance with Section 4 of the Kerala Local Fund Act 1994,Section 215 of the Kerala Panchayat Raj

Act 1994,the rules made there under and the guidelines issued by the Comptroller and Auditor General of India for the Certificate of Accounts of Panchayat Raj Institutions.

In my opinion, the Financial Statement of Melarcode Gramapanchayat for the year 2018-19 subject to the observations in the Annexure,property presents the picture of income,expenditure and closing balane.

Deputy Director

Abstract of Defects/Discrepancies

1.As per Schedule RP-4 there is a collection of Rs.158200 in respect to Water charge.But there is no demand in Income & Expenditure statement.Water charge demand & Arrear demand registers are not maintained properly.

2.Sachithra software not linked with Snkhya.Hence correctness of assets value recorded in the AFS could not be verified

3.The amount of property tax as shown in the AFS are not in agreement with SANCHAYA.

Deputy Director

# അനുബന്ധം- 2 വാർഷികകണക്ക് പത്രികകൾ

| | | | |
|---|---|---|---|
| Melarcode Grama Panchayat | | | |
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | | | |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 2284332.00 |
| Cash | Cash | RP-40(a) | 57425.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 928730.00 |
| 130000000 | Rental income from Panchayat Properties | RP-3 | 150.00 |
| 140000000 | Fees & User Charges | RP-4 | 492761.00 |
| 150000000 | Sale & Hire Charges | RP-5 | 198987.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 61401726.00 |
| 171000000 | Interest Earned | RP-9 | 118219.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10861856.00 |
| 350000000 | Other Liabilities | RP-36 | 117773.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 211413.00 |
| 330000000 | Secured Loans | RP-32 | 17944850.00 |
| 340000000 | Deposits Received | RP-34 | 148369.00 |
| 350000000 | Other Liabilities | RP-36 | 223520.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10877292.00 |
| 460000000 | Loans, Advances and Deposits | RP-47 | 555121.00 |
| | Grand total | | 106422524.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4169867.00 |
| 220000000 | Administrative Expenses | RP-12 | 695370.00 |
| 230000000 | Operations & Maintenance | RP-13 | 3044361.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5634627.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15127222.00 |
| 252000000 | Decentralised Plan Programme- | RP-17 | 1978458.00 |

| | | | |
|---|---|---|---|
| | Infrastructure Sector | | |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 160985.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 2332230.00 |
| Page No : 1 | | | |
| Schemes | | | |
| 255000000 | Maintenance Projects | RP-20 | 15568657.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 505000.00 |
| 280000000 | Prior Period item | RP-26 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6661399.00 |
| 350000000 | Other Liabilities | RP-36 | 3952565.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1535.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 142970.00 |
| 350000000 | Other Liabilities | RP-36 | 1632456.00 |
| 410000000 | Fixed Assets | RP-38 | 5841626.00 |
| 412000000 | Capital work in Progress | RP-40 | 5998207.00 |
| 440000000 | Pre-paid Expenses | RP-45 | 17944850.00 |
| 460000000 | Loans, Advances and Deposits | RP-47 | 977572.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13972705.00 |
| Cash | Cash | RP-40(b) | 79862.00 |
| | Grand Total | | 106422524.00 |

| | | | |
|---|---|---|---|
| Melarcode Grama Panchayat | | | |
| INCOME & EXPENDITURE | | | |

| | | | |
|---|---|---|---|
| STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3421335.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 377968.00 |
| 140000000 | Fee & User Charges | I-4(b) | 802791.00 |
| 150000000 | Sale & Hire Charges | I-5(b) | 198987.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | 1-6 | 134507984.00 |
| | Subsidies | | |
| 171000000 | Interest Earned | 1-8 | 118219.00 |
| 180000000 | Other Income | 1-9 | 223413.00 |
| | Total Income | | 139650697.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9634843.00 |
| 220000000 | Administrative Expenses | I-11(b) | 679212.00 |
| 230000000 | Operations & Maintenance | I-12(b) | 3044374.00 |
| 240000000 | Interest & Finance Charges | 1-13 | 1535.00 |
| 250000000 | Decentralised Plan Programme-Productive Sector / | 1-14 | 5634627.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42516339.00 |
| | | | |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1978458.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 160985.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 52091230.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 15568657.00 |
| 260000000 | Grants, Contributions & Compensation from Own Fund / | 1-15 | 505000.00 |
| | Subsidies | | |
| 272000000 | Depreciation | I-17(a) | 5472820.00 |
| | Total Expenditure | | 137288080.00 |
| | Gross Surplus/ Deficit of income over Expenditure | | 2362617.00 |
| 280000000 | Prior Period Item | 1-18 | 590372.00 |
| | | Gross Surplus/Deficit of Income over Expenditure after prior period items. | 1772245.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| Melarcode Grama Panchayat | | | |
| BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule | Amount |

| | | | |
|---|---|---|---|
| | | No | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11625133.95 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 0.0 |
| | Agency Fund | | |
| 312000000 | Reserves | B-3 | 80553067.00 |
| | Total Reserve & Surplus | | 92178200.95 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6183902.00 |
| | Total Grants, Contributions for Specific Purposes | | 6183902.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 17944850.00 |
| | Total Loans | | 17944850.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 285869.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 811665.80 |
| | Total Current Liabilities and Provisions | | 1097534.80 |
| | TOTAL LIABILITIES | | 117404487.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 87280853.00 |
| 411000000 | Accumulated Depreciation | B-11 | -5472820.00 |
| 412000000 | Capital Work in Progress | B-11(a) | 1217454.00 |
| | Total Fixed Assets | | 83025487.00 |
| | Investments | | |
| | Current Assets, Loans | | |

| | | | |
|---|---|---|---|
| | and Advances | | |
| 430000000 | Stock-in-hand | B-14 | 1333008.00 |
| 431000000 | Sundry Debtors (Receivables) | B-15 | 556448.75 |
| 440000000 | Pre-paid Expenses | B-16 | 17944850.00 |
| 450000000 | Cash and Bank Balance | B-17 | 14052567.00 |
| 460000000 | Loans, Advances and Deposits | B-18 | 492127.00 |
| Page No : 1 | | | |
| Total Current Assets, Loans and Advances | 34379000.75 | | |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | 117404487.75 | | |